**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1179** **06-02-2023 - ൽ മറുപടിയ്ക്ക്**

**യുവജനങ്ങൾക്കായി കായിക വിനോദ പരിപാടികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മാണി. സി. കാപ്പൻ | | ശ്രീ സജി ചെറിയാൻ<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാന യുവജനക്ഷേമ ബോർഡിൽ യുവജനങ്ങൾക്കായി കായിക വിനോദ പരിപാടികൾ പ്രോത്സാഹിപ്പിക്കാൻ നിലവിൽ സംവിധാനമുണ്ടോ; | (എ) | ഉണ്ട്. ഇത് സംബന്ധിച്ച വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.<br><br>1. ജില്ലാതല പുരുഷ-വനിത കബഡി ടീമുകളെ പങ്കെടുപ്പിച്ചുകൊണ്ട് സംസ്ഥാനതലത്തിൽ കാസർഗോഡ് ജില്ലയിൽ വച്ച് 2023 ഫെബ്രുവരി മാസം കബഡി മത്സരം സംഘടിപ്പിക്കുന്നു.<br><br>2. സംസ്ഥാനതല വോളിബോൾ മത്സരം :- കണ്ണൂർ ജില്ലയിൽ യുവജനങ്ങൾക്കായി 2023 മാർച്ച് അവസാന വാരത്തോടുകൂടി സംസ്ഥാനതല വോളിബോൾ മത്സരം സംഘടിപ്പിക്കുന്നു.<br><br>3. സെവൻസ് ഫുട്ബോൾ :- യുവകായിക താരങ്ങൾക്ക് പ്രോത്സാഹനം നൽകുന്നതിന്റെ ഭാഗമായി സംസ്ഥാന യുവജനക്ഷേമ ബോർഡ് 2022 സെപ്റ്റംബർ 1 മുതൽ എല്ലാ ജില്ലകളിലും ഫുട്ബോൾ മത്സരം (സെവൻസ്) സംഘടിപ്പിക്കുകയും 2022 നവംബർ 19, 20 തീയതികളിൽ മലപ്പുറം ജില്ലയിൽ വച്ച് സംസ്ഥാനതല സെവൻസ് ഫുട്ബോൾ മത്സരം സംഘടിപ്പിക്കുകയും ചെയ്തു.<br><br>4. സംസ്ഥാന കേരളോത്സവത്തിന്റെ ഭാഗമായി പഞ്ചായത്ത്തലം മുതൽ മത്സരിച്ച് വിജയികളായ കായിക താരങ്ങളെ പങ്കെടുപ്പിച്ചുകൊണ്ട് സംസ്ഥാനതല കേരളോത്സവം 2022 ഡിസംബർ അവസാന വാരം സംഘടിപ്പിച്ചു.<br><br>5. 2022 നവംബർ, ഡിസംബർ മാസങ്ങളിൽ ഖത്തറിൽ വച്ച് നടന്ന ഫിഫ ലോകകപ്പ് ഫുട്ബോളിനെ വരവേൽക്കുന്നതിനായി കേരള സംസ്ഥാന യുവജനക്ഷേമ ബോർഡിന്റെ ആഭിമുഖ്യത്തിൽ 140 നിയോജകമണ്ഡലങ്ങളിലും യൂത്ത് ക്ലബ്ബുകൾ മുഖാന്തിരം ബിഗ് സ്ക്രീൻ പ്രദർശനം സംഘടിപ്പിക്കുകയും 14 ജില്ലകളിലും |

| | | | |
|---|---|---|---|
| | | | വിളംബര ജാഥകൾ നടത്തുകയും ചെയ്തു. ലോകകപ്പ് ഫൈനൽ മത്സരം കേരളോത്സവ സംസ്ഥാനതല വേദിയിൽ ബിഗ് സ്ക്രീനിൽ പ്രദർശിപ്പിക്കുകയുണ്ടായി. |
| (ബി) | ഇല്ലെങ്കിൽ യുവജനങ്ങൾക്കായി ഇത്തരം സംവിധാനം ഏർപ്പെടുത്താൻ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ? | (ബി) | ഉണ്ട്. ഇത് സംബന്ധിച്ച വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.<br><br>1. ജില്ലാതല പുരുഷ-വനിത കബഡി ടീമുകളെ പങ്കെടുപ്പിച്ചുകൊണ്ട് സംസ്ഥാനതലത്തിൽ കാസർഗോഡ് ജില്ലയിൽ വച്ച് 2023 ഫെബ്രുവരി മാസം കബഡി മത്സരം സംഘടിപ്പിക്കുന്നു.<br><br>2. സംസ്ഥാനതല വോളിബോൾ മത്സരം :- കണ്ണൂർ ജില്ലയിൽ യുവജനങ്ങൾക്കായി 2023 മാർച്ച് അവസാന വാരത്തോടുകൂടി സംസ്ഥാനതല വോളിബോൾ മത്സരം സംഘടിപ്പിക്കുന്നു.<br><br>3. സെവൻസ് ഫുട്ബോൾ :- യുവകായിക താരങ്ങൾക്ക് പ്രോത്സാഹനം നൽകുന്നതിന്റെ ഭാഗമായി സംസ്ഥാന യുവജനക്ഷേമ ബോർഡ് 2022 സെപ്റ്റംബർ 1 മുതൽ എല്ലാ ജില്ലകളിലും ഫുട്ബോൾ മത്സരം (സെവൻസ്) സംഘടിപ്പിക്കുകയും 2022 നവംബർ 19, 20 തീയതികളിൽ മലപ്പുറം ജില്ലയിൽ വച്ച് സംസ്ഥാനതല സെവൻസ് ഫുട്ബോൾ മത്സരം സംഘടിപ്പിക്കുകയും ചെയ്തു.<br><br>4. സംസ്ഥാന കേരളോത്സവത്തിന്റെ ഭാഗമായി പഞ്ചായത്ത്തലം മുതൽ മത്സരിച്ച് വിജയികളായ കായിക താരങ്ങളെ പങ്കെടുപ്പിച്ചുകൊണ്ട് സംസ്ഥാനതല കേരളോത്സവം 2022 ഡിസംബർ അവസാന വാരം സംഘടിപ്പിച്ചു.<br><br>5. 2022 നവംബർ, ഡിസംബർ മാസങ്ങളിൽ ഖത്തറിൽ വച്ച് നടന്ന ഫിഫ ലോകകപ്പ് ഫുട്ബോളിനെ വരവേൽക്കുന്നതിനായി കേരള സംസ്ഥാന യുവജനക്ഷേമ ബോർഡിന്റെ ആഭിമുഖ്യത്തിൽ 140 നിയോജകമണ്ഡലങ്ങളിലും യൂത്ത് ക്ലബ്ബുകൾ മുഖാന്തിരം ബിഗ് സ്ക്രീൻ പ്രദർശനം സംഘടിപ്പിക്കുകയും 14 ജില്ലകളിലും വിളംബര ജാഥകൾ നടത്തുകയും ചെയ്തു. ലോകകപ്പ് ഫൈനൽ മത്സരം കേരളോത്സവ സംസ്ഥാനതല വേദിയിൽ ബിഗ് സ്ക്രീനിൽ പ്രദർശിപ്പിക്കുകയുണ്ടായി. |

സെക്ഷൻ ഓഫീസർ